# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1168. 02-05-2017 ൽ മറുപടിയ്ക്ക്

## പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനായി പദ്ധതി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

,, വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എൽദോസ് കുന്നപ്പിള്ളി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ; | (എ) | കേരളത്തിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനും ആയതിന്റെ വിസ്തീർണ്ണം പരമാവധി വർദ്ധിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ "പ്രത്യേക നെല്ലിനങ്ങളുടെ വികസനം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2017-2018 വർഷം പരമ്പരാഗത നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുംപുറമെ വയനാട് പാക്കേജ് പദ്ധതിയിൽ പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണത്തിനായി വയനാട് ജില്ലയ്ക്ക് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്ത് ഈ വർഷം നടപ്പിലാക്കുന്നതാണ്. |
| (ബി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പരമ്പരാഗത നെൽകൃഷി സംരക്ഷിക്കുന്നതിനായി പരമ്പരാഗത നെല്ലിനങ്ങളുടെ വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് G.O.(Rt.)No.163/2017/Agri. |

| | | | |
|---|---|---|---|
| | | | Dated 17/02/2017, പ്രകാരം 2016-2017 - ൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സവിശേഷ ഇനങ്ങൾ ഉൾപ്പെടെയുള്ള അരിയുടെ പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുന്ന റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം 2017-18 എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പരമ്പരാഗത നെൽകൃഷിയുടെ വിസ്തൃതി എത്രത്തോളം വർദ്ധിച്ചുവെന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലത്ത് 888.57 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ